ഫയർഫോഴ്സിലെ ഒഴിവുള്ള തസ്തികകളിൽ ജില്ല-മേഖലാടിസ്ഥാനത്തിൽ നിയമനം

63 (4677) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോം ഗാർഡുകളുടെ നിയമന-ശമ്പള പ്രക്രിയകൾ നിർവ്വഹിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ എ.ഡി.ഒ ഓഫീസുകളിൽ ജോലിഭാരം കൂടിയ സാഹചര്യത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് ആലോചിക്കുമോ ;

(ബി) ഫയർ സർവ്വീസിൽ വടക്കൻ മേഖലകളിൽ ജോലി ചെയ്യുന്ന നല്ലൊരു ശതമാനം ജീവനക്കാരും തെക്കൻ ജില്ലക്കാർ ആണെന്നിരിക്കെ തെക്കൻ ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുവാൻ വരുന്ന കാലതാമസം ഒഴിവാക്കുവാൻ ഇനി ഒഴിവുവരുന്ന തസ്തികകളിൽ ജില്ല-മേഖലാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരികയാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം

64 (4678) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ;

(സി) ഇതുകൊണ്ട് എന്തൊക്കെ ഗുണഫലങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിനുവേണ്ടിവരുന്ന അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഹൈടെക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജയിലുകളും വിവിധ കോടതികളും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ആരംഭിച്ചുകഴിഞ്ഞു. കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ജോലികൾ അവസാനഘട്ടത്തിലാണ്. അവശേഷിക്കുന്ന എല്ലാ ജില്ലകളിലും വീഡിയോ കോൺഫറൻസിംഗ് ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വീഡിയോ കോൺഫറൻസിംഗ് സംവിധാനംകൊണ്ട് കോടതികളിലെ കേസ്സുകൾ വളരെവേഗം തീർപ്പാക്കുന്നതിനും, അതുവഴി ജയിലിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനും തടവുകാരെ കോടതിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ അനുഗമിക്കേണ്ടിവരുന്ന പോലീസിനെ ക്രമസമാധാന പരിരക്ഷയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനും തടവുകാർക്കും പോലീസിനും നൽകേണ്ടിവരുന്ന വഴിച്ചെലവും ദിനബത്തയും ലാഭിക്കുവാനും ഭക്ഷണചെലവിനുള്ള ബത്ത ലാഭിക്കുവാനും നിയമവിരുദ്ധ സാധനങ്ങളായ ലഹരി പദാർത്ഥങ്ങൾ തടവുകാർ ജയിലിൽ കൊണ്ടുവരുന്നത് തടയുന്നതിനും തടവുകാരുടെ കോടതിയിലേയ്ക്കുള്ള യാത്രയ്ക്കിടയിലെ രക്ഷപ്പെടൽ തടയുന്നതിനും പ്രതിയെ വിവിധ കോടതികളിലുള്ള വിവിധ കേസ്സുകളിൽ ഒരേ ദിവസംതന്നെ ഹാജരാക്കുന്നതിനും ഗതാഗതസൗകര്യം ലഭ്യമല്ലാത്ത ഹർത്താൽ, പണിമുടക്ക് ദിവസങ്ങളിലും കേസ്സുള്ള പ്രതികളെ വീഡിയോ കോൺഫറൻസിംഗിലൂടെ കോടതിയിൽ ഹാജരാക്കുന്നതിനും ജയിലിലെ ഉദ്യോഗസ്ഥരുടെ സമയവും ഊർജ്ജവും മറ്റ് പ്രയോജനപ്രദമായ കാര്യങ്ങൾക്കായി ചെലവാക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) അധികചെലവ് കണക്കാക്കിയിട്ടില്ല.

ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ

65 (4679) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്ത് കാക്കനാട്ടിൽ പുതിയ ജില്ലാ ജയിലിന്റെ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ജയിലുകളിൽ പുതുതായി ആരംഭിച്ചിട്ടുള്ള ക്ളോസ്ഡ് സർക്യൂട്ട് ക്യാമറ, റ്റി. വി. വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ പ്രവർത്തിപ്പിക്കുന്നതിനായി സാങ്കേതിക പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly